# ഗുണ്ടാ ആക്രമണവും നീലച്ചിത്രറാക്കറ്റും പിന്നെ ഡി. ജി. പിയും

**സ്വന്തം ലേഖകൻ**

കേരളത്തിലെങ്ങും പ്രത്യേകിച്ച് കൊച്ചി നഗരത്തിലും അരങ്ങുതകർക്കുന്ന ഗുണ്ടാ സംഘങ്ങളെപ്പറ്റി എന്തൊരു വേവലാതിയാണ് മാധ്യമങ്ങൾക്കും രാഷ്ട്രീയ-സാംസ്കാരിക നായകന്മാർക്കും! ഗുണ്ടാവിളയാട്ടത്തിനെതിരെ സർവ്വകക്ഷിയോഗങ്ങളും ഉപവാസങ്ങളും പ്രാർത്ഥനകളും പൊടിപൊടിക്കുന്നു. ഇത്തരം പ്രയോഗങ്ങൾക്കൊണ്ട് എന്തു പ്രയോജനം?

ഗുണ്ടാസംഘങ്ങളിൽ പ്രവർത്തിക്കുന്ന ചെറുപ്പക്കാർ പലരും അഭ്യസ്തവിദ്യരും തൊഴിൽ തേടി ഏറെ അലഞ്ഞവരും തൊഴിൽ കിട്ടില്ലെന്നുറപ്പായവരുമാണ്. ആരെങ്കിലും സ്ഥിരമായി കുറച്ച് പണം വാഗ്ദാനം ചെയ്യുമ്പോൾ ഇവർ വീണുപോകുന്നു. അല്പം സാഹസികതയും പോലീസിൽ നിന്നു യാതൊരു 'ഇടപെടലുകളും' ഉണ്ടാകില്ലെന്ന ഉന്നതങ്ങളിൽ നിന്നുള്ള ഉറപ്പുകൂടിയായാൽ ഏതു തൊഴിൽരഹിതനാണ് ഇതാഗ്രഹിക്കാത്തത്? മത്സരാധിഷ്ഠിത വ്യവസ്ഥിതിയിൽ 'ഏതു വിധേനയും' ജയിക്കുകയാണ് പ്രധാനമെന്ന് എൽ. കെ. ജി മുതൽ ഇവരെ പഠിപ്പിക്കുന്നതും സമൂഹമാണ്. കണ്ണഞ്ചിക്കുന്ന ആധുനിക ജീവിത സൗകര്യങ്ങൾ നേടാൻ വേറെന്തു വഴി? അവയില്ലാതെ ജീവിക്കുന്നതു തന്നെ അർത്ഥശൂന്യമാണെന്നു നാഴികക്കു നാല്പതുവട്ടം നമ്മെ ഓർമ്മിപ്പിക്കുന്ന മാധ്യമങ്ങൾ..........

**ഗുണ്ടാസംഘങ്ങൾ തെരുവു വാഴുമ്പോൾ പോലീസ് നേതൃത്വം കണ്ണടയ്ക്കുന്നു. രാഷ്ട്രീയ-സാംസ്കാരിക നായകർ സ്ഥിരം വഴിപാടുകൾ നടത്തി പിൻമാറുന്നു. ഗുണ്ടകളും പീഡനകഥകളും പെരുകുന്നു.**

ഗുണ്ടാസംഘങ്ങളെ പോറ്റുന്നത് പ്രധാനമായും ബ്ലേഡ് മാഫിയകളാണ്. ചെറുകിട പലിശപ്പണക്കാർ മുതൽ വൻകിട ക്രെഡിറ്റ് കാർഡുകാർ വരെ ഇത്തരം സംഘങ്ങളുടെ സഹായം തേടുന്നു. കൊച്ചി നഗരത്തിൽ സർക്കാർ-സ്വകാര്യ മേഖലാ ബാങ്കുകളുടെ നൂറുകണക്കിനു ബ്രാഞ്ചുകളുണ്ട്. എന്നാൽ നഗരത്തിൽ ഏറ്റവുമധികം 'ലോൺ' നൽകുന്നത് രണ്ടു ജോലിക്കാർ മാത്രമുള്ള 'സിറ്റി ബാങ്ക്' ആണ്. ദിവസം തോറും പുതിയ ഉപഭോഗ ഉൽപ്പന്നങ്ങളും അവയുടെ പുതിയ മോഡലുകളും ഇറങ്ങുമ്പോൾ സമൂഹത്തിലെ അതിധനികരായ (അഴിമതിയും പെൺവാണിഭവും മറ്റും നടത്തുന്നവരടക്കം) ന്യൂനപക്ഷം ഇതെല്ലാം വാങ്ങുന്നതു കാണുമ്പോൾ പാവം മധ്യവർഗ്ഗമലയാളി എങ്ങനെ സഹിക്കും? ഈ അസംതൃപ്ത മധ്യവർഗ്ഗത്തെ സഹായിക്കേണ്ട 'ധാർമ്മിക ബാദ്ധ്യത'യേറ്റെടുക്കുന്ന ഇത്തരം ധനകാര്യ സ്ഥാപനങ്ങൾ മുൻകൂർ ചെക്കുകൾ വാങ്ങിയാണ് കടം നൽകുന്നത്. ഈ ചെക്കുകൾ 'ബൗൺസ്' ചെയ്താൽ (വണ്ടിച്ചെക്കായാൽ) പണം തിരികെ പിടിക്കേണ്ടതില്ലേ? ഇതാണ് ഗുണ്ടാസംഘങ്ങളെന്നു നാം വിളിക്കുന്നവരുടെ ജോലി. കൂടാതെ നഗരത്തിൽ രാത്രി സഞ്ചരിക്കുന്ന ചിലരെ തടഞ്ഞുനിർത്തി കൊള്ളയടിക്കുകയും. സാധാരണയായി ഇവർ പ്രവർത്തിക്കുന്നത് കരാർ വ്യവസ്ഥയിലാണ്. തിരിച്ചുപിടിക്കേണ്ട പണത്തിന്റെ ശതമാനക്കണക്കിലാണ് പ്രതിഫലം.

## സ്ത്രീ പീഡനം

ഇത് സ്ത്രീ പീഡനക്കഥകളുടെ കാലം! പിഞ്ചു കുഞ്ഞോ പാതി വെന്തതോ മരിച്ചതോ ആയാലും സ്ത്രീ ശരീരം പീഡിപ്പിക്കപ്പെടുന്നു. വനിതാ കമ്മീഷൻ അദ്ധ്യക്ഷയും അംഗങ്ങളും തങ്ങളുടെ 'യജമാന ഭക്തി'അനുദിനം വ്യക്തമാക്കിക്കൊണ്ടിരിക്കുകയാണ്. സമൂഹത്തിന്റെ ഉപഭോഗമോഹവലയത്തിൽപ്പെട്ടവരും ഇതെല്ലാം നേടാൻ മറ്റു മാർഗ്ഗങ്ങളൊന്നുമില്ലെന്ന ബോധ്യമായവരുമായ പെൺകുട്ടികളെ അറിഞ്ഞും അറിയാതെയും വ്യാജ പ്രേമാഭ്യാർത്ഥനകളിലൂടെയും മറ്റും ഈ ചങ്ങലയിൽ കുടുക്കുന്ന കഥകൾക്ക് പുതുമ നശിച്ചുകഴിഞ്ഞു. എല്ലാ കേസിന്റേയും മുന്നിലും പിന്നിലും രാഷ്ട്രീയനേതൃത്വങ്ങളുണ്ടെന്നും നാം കാണുന്നു.

## പിന്നെ ഡി. ജി. പിയും

ഏറ്റവും അനുയോജ്യനായ പോലീസ് മേധാവിയെത്തന്നെ നമുക്ക് കിട്ടിയിരിക്കുന്നു. 'പോലീസിനെ ആണത്തമുള്ളവരാക്കും' എന്ന വീരവാദത്തിലൂടെയാണ് അദ്ദേഹം പ്രശസ്തനാകുന്നത്. സേനയിലെ സ്ത്രീ പുരുഷ വിവേചനത്തിനെതിരായി പോരാടുന്ന വിനയ എന്ന കോൺസ്റ്റബിളിനോട് എത്ര പ്രതികാരബുദ്ധിയോടെയാണ് ഇദ്ദേഹം പെരുമാറുന്നത്. എപ്പോഴും കൊച്ചിയിൽ ഗുണ്ടാസംഘങ്ങളൊന്നുമില്ലെന്നതിനു തെളിവായി ഞാൻ ഒറ്റക്ക് ആയുധമൊന്നുമില്ലാതെ രാത്രി കാലങ്ങളിൽ ഇവിടെ നടക്കാറുണ്ടല്ലോ എന്ന മറുപടി പറയുന്ന വ്യക്തിയാണദ്ദേഹം. 'ഇതിനു കാരണം ഗുണ്ടകൾ നിങ്ങളേക്കാൾ മാന്യന്മാരായതുകൊണ്ടാണ്' എന്ന അഴീക്കോട് മാഷുടെ കമന്റും കൊള്ളാം. കൊച്ചിയിലെ നീലച്ചിത്ര റാക്കറ്റിൽ ഉന്നത ഉദ്യോഗസ്ഥരും എം. എൽ. എ.(മാർ) അടക്കമുള്ള രാഷ്ട്രീയ നേതാക്കളുമുണ്ടെന്നു റിപ്പോർട്ടു ചെയ്ത പത്രപ്രവർത്തകരുടെ മേൽ ഈ പോലീസ് മേധാവി ചാടിവീണു.

താരതമ്യേന മനുഷ്യത്വമുള്ളവരെന്നു നാം വിശ്വസിച്ചിരുന്ന കേരളാ പോലീസിനെ നരാധമന്മാരാക്കി മാറ്റാൻ നിയോഗിക്കപ്പെട്ട ഇത്തരം മേധാവികൾ തങ്ങളുടെ കടമ ഭംഗിയായി നിർവ്വഹിക്കുകയാണ്. കൊച്ചിയിലെ നീലച്ചിത്ര ഇടപാട് പുറത്തുവരുന്നതിന് പ്രധാനകാരണമായത് അസിസ്റ്റന്റ് കമ്മീഷണറും സി. ഐ, എസ്. ഐ തുടങ്ങിയവരും ഈ കേസിൽ അന്വേഷണം തുടങ്ങിയതിനാലാണ്. ജോലിത്തിരക്കെന്ന 'ന്യായ'മായ കാരണം പറഞ്ഞ് അവരെ ഈ ജോലിയിൽ നിന്നൊഴിവാക്കി. ഭരണകൂടത്തിന്റെ ആജ്ഞാനുവർത്തികളെ പകരം നിയമിച്ചു. കേസ് ഏറ്റെടുത്ത ഉടനെ തന്നെ 'പെൺകുട്ടിയുടെ വയസ്സ്' സംബന്ധിച്ച രേഖകൾ തിരുത്തി 'പ്രായപൂർത്തിയായി' എന്നു സ്ഥാപിക്കാനാണ് പുതിയ ഉദ്യോഗസ്ഥൻ ശ്രമിച്ചത് എന്നതിൽനിന്നുതന്നെ അദ്ദേഹത്തിന്റെ 'ആത്മാർത്ഥത' വ്യക്തമായി.

ഒരു പെൺകുട്ടിക്ക് പതിനേഴു വയസ്സും മുന്നൂറ്റി അറുപത്തിനാലു ദിവസവും പ്രായമായിയെന്നുവന്നാൽ പിന്നെ അവളെ തട്ടിക്കൊണ്ടുവരുന്നതും മാസങ്ങളോളം തടവിൽ വച്ച്, മയക്കമരുന്ന് കുത്തിവച്ച് അത്യുന്നതർക്കു കാഴ്ച വയ്ക്കുന്നതും നഗ്നചിത്രങ്ങളെടുക്കുന്നതും 'നിയമദൃഷ്ട്യാ' കുറ്റമല്ലാതാകുമോ? സ്വന്തം സമ്മതമില്ലാതെ സ്ത്രീയുടെ ശരീരത്തിൽ മറ്റൊരാൾ (അതു പോലീസായാലും) തൊട്ടാൽ അത് കുറ്റകരമാണെന്നുള്ള നിയമവ്യവസ്ഥ അറിയാത്തവരോ ഈ നിയമപാലകർ?.........

'ജനാധിപത്യത്തിൽ ജനങ്ങൾ അർഹിക്കുന്ന ഭരണകൂടത്തെ അവർക്കു കിട്ടുന്നു'വെന്ന വാക്യം അന്വർത്ഥമാക്കുന്നു നമ്മുടെ അനുഭവങ്ങൾ.